**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1537** **19-09-2025 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാലയങ്ങളിൽ ഭിന്നശേഷി വിദ്യാർഥികൾക്ക് പഠന പിന്തുണ നൽകിവരുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം അവസാനമായി പരിഷ്കരിച്ചത് എന്നാണെന്നും എത്ര തുകയാണ് വർദ്ധിപ്പിച്ചതെന്നും വ്യക്തമാക്കാമോ; | (എ) | സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ പ്രതിമാസ വേതനം അവസാനമായി പരിഷ്കരിച്ചത് 2018 ഏപ്രിൽ മുതലാണ്. ഈ പ്രകാരം എലമെന്ററി വിഭാഗം സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ പ്രതിമാസ വേതനം 20000/- രൂപയായും സെക്കന്ററി വിഭാഗം സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ പ്രതിമാസ വേതനം 25000/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട് |
| (ബി) | 2016 ഫെബ്രുവരിയിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം വർധിപ്പിച്ചതിനുശേഷം ഇതുവരെ വേതന വർദ്ധനവ് നടപ്പാക്കിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | നിലവിൽ സ്പെഷ്യൽ എജ്യുക്കേറ്റർമാരുടെ പ്രതിമാസ വേതനം, ഇ.പി.എഫ്, ഇ.എസ്.ഐ തുടങ്ങിയ ആനുകൂല്യങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ട് മുഖേനയാണ് നൽകിവരുന്നത്. സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിൽ ഓരോ വർഷവും പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുമ്പോൾ സ്പെഷ്യൽ എജ്യുക്കേറ്റർമാരുടെ പ്രതിമാസ വേതനം വർധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ഇക്കാര്യം പ്രോജക്ട് അപ്രൂവൽ ബോർഡ് മീറ്റിഗിൽ ഉന്നയിക്കാറുണ്ടെങ്കിലും സമഗ്ര ശിക്ഷായുടെ നിലവിലുള്ള മാനദണ്ഡപ്രകാരം ഇപ്പോൾ നൽകിവരുന്ന പരമാവധി തുകയിൽ വർധന വരുത്താൻ കഴിയില്ല എന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 2026-27 വർഷം ഏപ്രിൽ മുതൽ പുതിയ സമഗ്ര ശിക്ഷാ 3.0 നിലവിൽ വരുമ്പോൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ആവശ്യപ്പെട്ടതനുസരിച്ച് ധനകാര്യ മാനദണ്ഡത്തിൽ സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ എം.ഒ.ഇ.ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പത്തുവർഷം പൂർത്തീകരിച്ച സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവന - വേതന വ്യവസ്ഥ നിജപ്പെടുത്തണമെന്ന് 2016 ജൂൺ 30ലെ ബഹു. കേരള ഹൈക്കോടതി വിധിയിന്മേൽ നാളിതുവരെ | (സി) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ